DESPATCHED
On...11/1/23

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP.1252(3)2022/എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 13779/എസ്.ഐ.സി-ജി1/2022)**

**സന്നിഹിതൻ**
**ശ്രീ. എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ**
തീയതി: 06.01.2023

ശ്രീ. നിതിൻ എസ്.
അശ്വതി,
പാളയംകുന്ന് പി.ഒ.
വർക്കല-695 146
} ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
ജില്ലാ ട്രാൻസ്പോർട്ട് ഓഫീസറുടെ കാര്യാലയം,
തിരുവനന്തപുരം സിറ്റി

2. അപ്പീൽ അധികാരി &
അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ,
കെ.എസ്.ആർ.ടി.സി. സിറ്റി ഡിപ്പോ, തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 25.04.2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 08.06.2022 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 07.07.2022 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 04.08.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 03.08.2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 05.09.2022 |

## ഉത്തരവ്

ശ്രീ. നിതിൻ എസ്., കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം സിറ്റി ഡിപ്പോ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് കൃത്യസമയത്ത് മറുപടി ലഭിക്കാത്തതിനാൽ അപ്പീൽ അധികാരിയ്ക്ക് 07.07.2022-ൽ അപ്പീൽ സമർപ്പിക്കുകയും എന്നാൽ

അപ്പീൽ അധികാരി നൽകിയ 06.08.2022-ലെ മറുപടി തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ടിയാൻ 05.09.2022-ൽ കമ്മീഷന് അപ്പീൽ ഹർജി നൽകിയത്. അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങളിൽ കെ.എസ്.ആർ.ടി.സി. സിറ്റി ഡിപ്പോയിൽ ലഭ്യമായവ ടിയാന് കൈമാറിയിരുന്നുവെന്നും, അപേക്ഷകന് നൽകാനാകുമായിരുന്ന എല്ലാ വിവരങ്ങളും ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്നുമായി രേഖകളും മറുപടികളും സഹിതം ലഭ്യമാക്കിയിട്ടുള്ളതും ടിയാൻ തുടർന്ന് സമർപ്പിച്ച അപ്പീലിന്മേൽ അതൃപ്തി പരിഹരിച്ചുകൊണ്ടും വിവരങ്ങൾ വ്യക്തമാക്കിക്കൊണ്ട് തീർപ്പാക്കിയിട്ടുള്ളതാണെന്നും അപ്പീൽ അധികാരി കമ്മീഷനിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് വിശദമായി പരിശോധിച്ചതിൽ ഇക്കാര്യം കമ്മീഷന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിന്മേലുള്ള തുടർനടപടി അവസാനിപ്പിച്ച് 2023 ജനുവരി 6-ന് തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
എ. അബ്ദുൽ ഹക്കീം
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി